# മഹാതമാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

# തിരുവനന്തപുരം ജില്ല

# ചിറയിൻകീഴ് ബ്ലോക്ക്

## ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

## വാർഡ് നമ്പർ 1 ഗുരുവിഹാർ

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 13/10/2019**

**ഗുരുമന്ദിരം**

---


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം**

**സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**

**LMS കോമ്പൗണ്ട് ,പാളയം,തിരുവനന്തപുരം . 03**

**ഫോണ് നമ്പര്** 0471-2724696.Email.keralasocialaudit@gmail.com


---

# ചിറയിൻകീഴ് ബ്ലോക്ക്

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

# വാർഡ് നമ്പർ 1 ഗുരുവിഹാർ

അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യുന്നതിന് സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം-2005 National Rural Employment Guarantee Act (NREGA). ഈ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2005 സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഈ നിയമം സെപ്റ്റംബർ 7 ന് നിലവിൽ വരികയും ജമ്മു - കാശ്മീർ ഒഴികെയുള്ള ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കുകയും ചെയ്തു. തുടക്കത്തിൽ ഇന്ത്യയിലെ 200 ജില്ലകളിൽ മാത്രമായിരുന്നു പ്രാബല്യത്തിൽ വന്നതെങ്കിലും 2008 ഏപ്രിൽ 1 മുതൽ രാജ്യത്തെ മുഴുവൻ ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

**10 അവകാശങ്ങൾ**

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## ***ഫയൽ പരിശോധന***

| ഫയൽ നമ്പർ | വർക്ക് കോഡ് | തീയതി | | തുക | |
|---|---|---|---|---|---|
| | | ആരംഭിച്ചത് | അവസാനിച്ചത് | അനുവദിച്ചത് | ചെലവായത് |
| 193 | DP/271970 | 02/01/2019 | 27/03/2019 | 500000 | 434148 |
| 102 | DP/265185 | 29/09/2018 | 06/12/2018 | 500000 | 463680 |
| | Dp/271966 | 27/09/2018 | 11/12/2018 | 500000 | 487692 |

മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട 3 ഫയലുകൾ ആണ് ഞങ്ങൾ പരിശോധിച്ചത്. ഈ വാർഡിൽ 337 പേർ തൊഴിൽകാർഡ് എടുത്തിട്ടുണ്ടെങ്കിൽ 80 സ്ഥിര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

🔴കവർ പേജ്

AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നുവെങ്കിലും ജിയോ ടാഗിംഗ് ഓഫ് അസറ്റ്, അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു,മാറ്റിന്റെ പേര് ഇല്ലായിരുന്നു.

🔴ചെക്ക് ലിസ്റ്റ്

ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു.

പേജ് നമ്പർ ഇല്ലായിരുന്നു.

🔴ആക്ഷൻപ്ലാൻ കോപ്പി.

ആക്ഷൻ പ്ലാൻ കോപ്പി ഉണ്ടായിരുന്നു. ആക്ഷൻ പ്ലാൻ കോപ്പിയിലെയും കവർ പേജിലെയും പ്രവർത്തിയുടെയും പേര് ഒന്നായിരുന്നു.

🔴ഭരണാനുമതി ഉണ്ടായിരുന്നു.

🔴സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

🔴ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. ജനകീയ ഭാഷയിലല്ലായിരുന്നു.

🔴 ഡ്രോയിങ്സ് ആൻഡ്  ഡിസൈൻ  ഉണ്ടായിരുന്നു.

🔴 മസ്റ്റർ റോൾ

3 ഫയലുകളിലായി 146 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു.

M.s നമ്പർ 9679 ഇൽ ഷാർപണിങ് ചാർജിന്റെ  തുക കണക്കാക്കിയതിൽ  135 രൂപ വരേണ്ടിടത്തു  അതിനുപകരം 140 എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ചില മസ്റ്റർ റോളുകളിൽ ബന്ധപ്പെട്ട അധികാരികളുടെ ഒപ്പ് ഇല്ലായിരുന്നു(m.s no 9558, 9559, 9560)

ചില മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ  കാണപ്പെട്ടു.

മിക്ക മസ്റ്റർ റോളുകളിലും  absent ചുവന്ന മഷി കൊണ്ടല്ല രേഖപെടുത്തിയിരുന്നത്.

🔴 ഫയൽ ടാകിംഗ്  ഫോം  ഉണ്ടായിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പും സീലും  തീയതി എന്നിവ ഇല്ലായിരുന്നു.

🔴മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

🔴മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് ഉണ്ടായിരുന്നു.

🔴 വേജ് ലിസ്റ്റ്  ഉണ്ടായിരുന്നു.

🔴 FTO ഉണ്ടായിരുന്നു.

🔴 ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നു.

ഫയൽ tacking ഫോം ഉണ്ടായിരുന്നു.

🔴എം ബുക്ക്

എം ബുക്കിൽ ബുക്ക് നമ്പർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി എന്നിവ ഇല്ലായിരുന്നു.

🔴 വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

🔴Geo tagged ഫോട്ടോസ് ഇല്ലായിരുന്നു.

🔴 സൈറ്റ് ഡയറി ഉണ്ടായിരുന്നു. വിവരങ്ങൾ പൂർണമായിരുന്നു.

## ***ഫീൽഡ് പരിശോധന റിപ്പോർട്ട്***

2018-19 കാലഘട്ടത്തിലെ മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട 3 ഫയലുകളിലുമായി 81 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിച്ചതു . M book പ്രകാരം 150 മഴകുഴികളും 75 കംപോസ്റ്റ് കുഴികളും 1മണ്ണ് കയ്യാലയും ആണ് കാണേണ്ടിയിരുന്നത്. എന്നാൽ 83 മഴക്കുഴികളും 19വളക്കുഴിയും 1മണ്ണ് കയ്യാലയും ആണ് കാണാൻ കഴിഞ്ഞത്. അതിൽ 60 എണ്ണം ഉപയോഗപ്രദമായ രീതിയിൽ ഉള്ളവയും 12 എണ്ണം മണ്ണ് കൊണ്ട് മൂടിയ നിലയിലും 18 എണ്ണം തെങ്ങ് നട്ടതും ചപ്പു ചവറുകൾ നിറഞ്ഞ നിലയിലും ആയിരുന്നു. മഴക്കുഴികൾ കുറയുവാനുള്ള കാരണം ആയി അവർ പറയുന്നത് വയൽ പ്രദേശമായതിനാൽ കുഴികൾ എടുക്കുമ്പോൾ തന്നെ വെള്ളം കാണുന്നു എന്നാണ്. കണ്ട എല്ലാ പുരയിടങ്ങളിൽ എല്ലാം തന്നെ നല്ല രീതിയിൽ താര പിടിച്ചിരുന്നു. അവയെല്ലാം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പരിശോധിച്ച് മിക്ക പുരയിടങ്ങളും കാട് പിടിച്ച നിലയിൽ ആയതിനാൽ മഴക്കുഴികൾ കൃത്യമായി എണ്ണി തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല.

## **ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്**

ഫീൽഡ് പരിശോധനയ്ക്കായി എത്തിയപ്പോൾ ഫീൽഡിൽ 65 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്ന രീതിയിൽ കാണാൻ കഴിഞ്ഞു. അവരുടെ തൊഴിൽ കാർഡുകൾ പരിശോധിക്കാൻ അവരുമായി സംവദിക്കാനും അവസരം വിനിയോഗിച്ചു. സോഷ്യൽ ഓഡിറ്റിന്റെ പ്രാധാന്യം, തൊഴിലാളികളുടെ 10 അവകാശങ്ങൾ, ജോലി സമയങ്ങളിൽ അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ, സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ ഉദ്ദേശ്യം എന്നിവയെ കുറിച്ച് ചർച്ച ചെയ്തു.

തൊഴിൽ കാർഡ് പരിശോധിച്ചതിൽ നിന്നും, ഈ വർഷം 23ദിവസത്തെ ജോലി ചെയ്തിരുന്നു എങ്കിലും ജോലി ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രേഖപെടുത്തിയിരുന്നില്ല. തൊഴിലാളികൾ ആരും തന്നെ തൊഴിൽ കാർഡിൽ ഒപ്പ് രേഖപെടുത്തിയിരുന്നില്ല.ഹാജർ രേഖപെടുത്തിയിരുന്നില്ല.കാർഡിൽ വിവരങ്ങൾ രേഖപെടുത്തേണ്ട രീതി കൺവീനർമാർക്ക് അറിയില്ലായിരുന്നു. തൊഴിലാളികളുടെ ഫോട്ടോയിൽ പഞ്ചായത്തിലെ സീല് ഉണ്ടായിരുന്നില്ല. തൊഴിലാളികൾക്ക് 10 അവകാശങ്ങൾ വിവരിചതിൽ നിന്നും അവർക്ക് അതിനെ കുറിച്ച് വ്യക്തമായ ധാരണ ഇല്ലായിരുന്നു എന്ന് മനസിലാക്കാൻ കഴിഞ്ഞു. ശമ്പള വർധന, ജോലി സമയം ചുരുക്കൽ, ദിവസവേതനം, 100 ദിവസം എന്നത് അധികം ആക്കുക എന്നിവയൊക്കെ ആയിരുന്നു അവരുടെ പ്രധാന ആവശ്യങ്ങൾ. ഫീൽഡ് പരിശോധിച്ച തിൽ നിന്നും പ്രാഥമിക കിറ്റ്കയ്യുറ, കാലുറ,

കുടിവെള്ളം ചൂടാക്കാൻ ഉള്ള കലം ടാർപൊളിൻ എന്നിവ ഉണ്ടായിരുന്നു.

## <u>ഗ്രാമസഭ റിപ്പോർട്ട്</u>

# സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം

## ബ്ലോക്ക് : ചിറയിൻകീഴ്

## പഞ്ചായത്ത് : ചിറയിൻകീഴ്

## വാർഡ് നമ്പർ : 01 ഗുരുവിഹാർ

**അജണ്ട**

1.ഈശ്വര പ്രാർത്ഥന തീയതി:**13/10/19**

2.അധ്യക്ഷയെ തിരഞ്ഞെടുപ്പ് സമയം:**2 pm**

3.സ്വാഗതം

4.റിപ്പോർട്ട് അവതരണം

5.ചർച്ച

6.തീരുമാനം

7.കൃതജ്ഞത

13/10/2019 ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ഗുരുവിഹാർ ഗുരുമന്ദിരത്തിൽ വെച്ച് വാർഡ് 1 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്.

തൊഴിലുറപ്പ് പദ്ധതിയിലെ 80 തൊഴിലാളികൾ ഗ്രാമസഭയിൽ എത്തിയതിൽ നിന്നും കഴിഞ്ഞവർഷം100 ദിവസം തൊഴിൽ ചെയ്ത സജിത എന്ന തൊഴിലാളിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ഈശ്വര പ്രാർത്ഥനയോടു കൂടി യോഗം ആരംഭിച്ചു. സ്വാഗതം പറയുന്നതിനായി വാർഡ് മെമ്പർ ജയനെ ക്ഷണിക്കുകയും, അവിടെ എത്തിച്ചേർന്നവർക്ക്

എല്ലാം അദ്ദേഹം സ്വാഗതം അർപ്പിക്കുകയും ചെയ്തു. VRP സജീഹ പ്രതിജ്ഞ പറഞ്ഞുകൊടുത്തു, എല്ലാവരും ഏറ്റുചൊല്ലി. തുടർന്ന് VRP ശ്രീ നന്ദന തൊഴിലാളികൾക്ക് അവരുടെ 10 അവകാശങ്ങൾ പറഞ്ഞുകൊടുക്കുകയും ബിആർപി ശ്രീജ അവ വിശദീകരിക്കുകയും ചെയ്തു . തുടർന്ന് റിപ്പോർട്ട് അവതരിപ്പിക്കാൻ ആയി ബിആർപി ശ്രീജയെ ക്ഷണിക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. അടുത്തതായി ചർച്ചക്ക് വേണ്ടി അധ്യക്ഷ തൊഴിലാളികളെ ക്ഷണിച്ചു.

**ചർച്ച**

ഗ്രാമസഭ കരട് റിപ്പോർട്ടിനെ തുടർന്നുണ്ടായ ചർച്ചയിൽ എല്ലാ തൊഴിലാളികളും പങ്കെടുത്തു. ശ്രീമതി വത്സല എന്ന തൊഴിലാളി തൊഴിലുറപ്പിൽ നിന്നും ലഭിക്കുന്ന ശമ്പളം കൊണ്ടാണ് ജീവിക്കുന്നത് എന്നതിനാൽ 30 ദിവസം ജോലി കഴിയുമ്പോൾ തന്നെ ശമ്പളം തരണം എന്ന് അഭിപ്രായപ്പെട്ടു. 9 മണി മുതൽ 5 മണി വരെ എന്നത് സമയം മാറ്റി നാലുമണിവരെ ആക്കി തരണമെന്ന് സിന്ദു എന്ന തൊഴിലാളി അഭിപ്രായപ്പെട്ടു. നേരം വൈകിയാണ് വീട്ടിലെത്തുന്നത് അതിനാൽ വീട്ടിലെ ജോലികൾ ഒന്നും നടക്കുന്നില്ല എന്ന് അവർ പറഞ്ഞു. ഇപ്പോൾ റെയിൽവേ പണി നടക്കുന്നതിനാൽ 8 30 മുതൽ 1 30 വരെയാണ് എന്ന് എ ഇ പറഞ്ഞു. 100 ദിവസം എന്നത് കൂട്ടി തരണം എന്നും ആവശ്യപ്പെട്ടു. ശമ്പളം കൂട്ടണം എന്നാണ് തൊഴിലാളികൾ ഒന്നാകെ പറയുന്നത്. മെറ്റീരിയൽ വർക്കുകൾ ചെയ്യുന്നതിന് മഴക്കുഴി സംരക്ഷിക്കുന്നതിനും ജൈവവേലി മണ്ണ് കയ്യാല തുടങ്ങിയവയുടെ പ്രാധാന്യത്തെക്കുറിച്ച് ബിആർപി സംസാരിച്ചു. വീട് മെയിന്റനൻസ് പണി തൊഴിലുറപ്പിൽ ഉൾപ്പെടുത്തണമെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു.മഴ സമയത്ത് വരുമ്പോൾ പ്രധിരോധ ഗുളിക നൽകണം എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു. നടപ്പാതകൾ വൃത്തിയാക്കുന്നത് കൂടി തൊഴിലുറപ്പിൽ ഉൾപ്പെടുത്തണമെന്ന് മെമ്പർ അഭിപ്രായപ്പെട്ടു. തൊഴിലാളികളിൽ ഒരാളായ ഷീജ നൂറു ദിവസം

തുടർന്ന് തൊഴിലുറപ്പ് അഗങ്ങൾ ഗ്രാമസഭ റിപ്പോർട്ട് അംഗീകരിക്കുകയും കയ്യടിച്ചു പാസ്സാക്കുകയും ചെയ്തു. ശേഷം ഓവർസിയർ അജിത് കൃതജ്ഞത രേഖപ്പെടുത്തി. ദേശീയ ഗാനത്തോടുകൂടി യോഗം അവസാനിപ്പിച്ചു.

**തയ്യാറാക്കിയത്**

സജീഹ, സുവർണ, ശ്രീനന്ദന, അരണ്യ, നിഷ